രതീഷ് സി വി, എച്ച്.എസ്.എ .സോഷ്യൽ സയൻസ് , GHSS പെരിക്കല്ലൂർ, വയനാട്

സാമൂഹ്യശാസ്ത്രം - X

## SS I : അധ്യായം -1 ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ

1. ഫ്രഞ്ചുവിപ്ലവം കാരണങ്ങൾ :
 a. ലൂയി രാജാക്കന്മാരുടെ ഏകാധിപത്യഭരണവും ധൂർത്തും
 b. സാമൂഹിക സാമ്പത്തിക അസമത്വം
2. ഫ്രഞ്ച് സമൂഹം :

| ഒന്നാം എസ്റ്റേറ്റ് | രണ്ടാം എസ്റ്റേറ്റ് | മൂന്നാം എസ്റ്റേറ്റ് |
|---|---|---|
| പുരോഹിതന്മാർ ,ഭൂവുടമകൾ<br>നികുതി നൽകേണ്ട<br>ഭരണത്തിലും സൈന്യത്തിലും<br>ഉയർന്ന പദവി വഹിച്ചു | പ്രഭുക്കന്മാർ ,ഭൂവുടമകൾ<br>നികുതി നൽകേണ്ട<br>ആഡംബരജീവിതം നയിച്ചു<br>സൈനികസേവനം നടത്തി | മധ്യവർഗം,കർഷകർ<br>കൈത്തൊഴിലുകാർ<br>ഭരണത്തിൽ ഒരവകാശവുമില്ല<br>എല്ലാ നികുതിയും നൽകണം<br>താഴ്ന്ന സാമൂഹിക പദവി |

3. നെപ്പോളിയന്റെ പരിഷ്കാരങ്ങൾ :
 1. കർഷകരെ ഭൂവുടമകളാക്കി 2.ബാങ്ക് ഓഫ് ഫ്രാൻസ് സ്ഥാപിച്ചു 3. പുരോഹിതരെയും സഭയേയും നിയന്ത്രിച്ചു.
 4. പൊതുകടം ഇല്ലാതാക്കാൻ സിങ്കിങ് ഫണ്ട് രൂപീകരിച്ചു 5. പുതിയ നിയമസംഹിത ഉണ്ടാക്കി.
4. റഷ്യൻ വിപ്ലവം കാരണങ്ങൾ :
 a. സർ ചക്രവർത്തിമാരുടെ ഏകാധിപത്യഭരണം b. കർഷകരുടെയും തൊഴിലാളികളുടെയും ദുരിതജീവിതം
 c. കർഷകരുടെ വലിയ നികുതിഭാരം d. കാർഷിക -വ്യാവസായിക ഉല്പാദനകുറവ്
 e. വ്യവസായങ്ങൾ വിദേശികളുടെ നിയന്ത്രണത്തിലായിരുന്നു

## അധ്യായം - 2 ലോകം ഇരുപതാം നൂറ്റാണ്ടിൽ

1. ഒന്നാം ലോക യുദ്ധം കാരണങ്ങൾ : a. സൈനികസഖ്യങ്ങൾ - ത്രികക്ഷിസഖ്യം ,ത്രികക്ഷി സൗഹാർദ്ദം
 b. തീവ്രദേശീയത - ജർമ്മനിയിലും ഇറ്റലിയിലും വളർന്നുവന്നു
 c. മൊറോക്കൻ പ്രതിസന്ധി -മൊറോക്കോയുടെ പേരിൽ ജർമ്മനിയും ഫ്രാൻസും തമ്മിൽ ഉണ്ടായത്
 d. ബാൾക്കൺ പ്രതിസന്ധി -തുർക്കിയെ പങ്കിട്ടെടുക്കുന്നതിന്റെ പേരിൽ ബാൾക്കൺ സഖ്യത്തിലെ രാഷ്ട്രങ്ങൾ തമ്മിലുണ്ടായ അഭിപ്രായ വ്യത്യാസം.
2. വേഴ്സായ് സന്ധി / പാരീസ് ഉടമ്പടി -1919- വ്യവസ്ഥകൾ :
 a. ജർമ്മൻ കോളനികൾ സഖ്യകക്ഷികൾ വീതിച്ചെടുത്തു b. ജർമ്മനിയെ നിരായുധീകരിച്ചു
 c. ജർമ്മനിയിൽ നിന്ന് നഷ്ടപരിഹാരം ഈടാക്കി d. യുദ്ധകുറ്റം ജർമ്മനിയുടെ മേൽ കെട്ടിവച്ചു
3. സോവിയറ്റ് യൂണിയന്റെ തകർച്ചയ്ക്ക് ഇടയാക്കിയ കാരണങ്ങൾ :
 a. സോഷ്യലിസ്റ്റ് ആശയങ്ങളിൽനിന്നുള്ള വ്യതിചലനം b. പ്രതിരോധത്തിന് അമിത പ്രാധാന്യം നൽകിയത്
 c. ഉദ്യോഗസ്ഥരുടെ കെടുകാര്യസ്ഥതയും അഴിമതിയും
 d. മിഖായേൽ ഗോർബച്ചേവിന്റെ ഭരണപരിഷ്കാരങ്ങൾ (ഗ്ലാസ്നോസ്ത് ,പെരിസ്ട്രോയിക്ക )
3. ആഗോളവൽക്കരണം ത്വരിതപ്പെടുത്തിയ സ്ഥാപനങ്ങൾ :
 a. ലോകബാങ്ക് b. അന്താരാഷ്ട്ര നാണയനിധി (IMF) c. ലോകവ്യാപാര സംഘടന (WTO)

## അധ്യായം 3. ബ്രിട്ടീഷ് ചൂഷണവും ചെറുത്തുനിൽപ്പുകളും

1. ബ്രിട്ടീഷുകാർ ഇന്ത്യയിൽ നടപ്പാക്കിയ വ്യത്യസ്ത ഭൂനികുതി സമ്പ്രദായങ്ങൾ :

| ശാശ്വത ഭൂനികുതി വ്യവസ്ഥ | മഹൽവാരി വ്യവസ്ഥ | റയട്ട് വാരി വ്യവസ്ഥ |
|---|---|---|
| a.ബംഗാൾ,ബീഹാർ,ഒറീസ്സയിൽ<br>b.ഭൂവുടമകൾസെമീന്ദാർമാരായിരുന്നു<br>c. സെമീന്ദാർമാരാണ് നികുതി പിരിച്ചിരുന്നത്<br>d.കർഷകർ കുടിയാന്മാരായിരുന്നു<br>e.വിളവിന്റെ 60 ശതമാനമായിരുന്നു നികുതി<br>f.വിളവ് മോശമായാലും നികുതി നൽകണമായിരുന്നു<br>g.നിശ്ചിത തിയതിയിൽ നികുതി പണമായി നൽകണമായിരുന്നു | a. വടക്കുപടിഞ്ഞാറൻ ഇന്ത്യയിൽ നടപ്പാക്കി<br>b.ഗ്രാമമായിരുന്നു നികുതി പിരിവിന്റെ യൂണിറ്റ്<br>c.ഗ്രാമത്തലവൻ നികുതി പിരിച്ചു<br>d.നികുതി നിരക്ക് കൂടുതലായിരുന്നു | a.ദക്ഷിണേന്ത്യയിൽ നടപ്പാക്കി<br>b.കർഷകരിൽനിന്ന് നേരിട്ട് നികുതി പിരിച്ചു<br>c.ഭൂമിയുടെ ഉടമസ്ഥാവകാശം കർഷകർക്കായിരുന്നു<br>d.നികുതി ഇടയ്ക്കിടെ വർദ്ധിപ്പിച്ചിരുന്നു<br>e.നികുതി നിരക്ക് കൂടുതലായിരുന്നു |

2. കുറിച്യ കലാപം - കാരണങ്ങൾ :
 a. ബ്രിട്ടീഷുകാർ അമിതമായി നികുതി ചുമത്തിയത് b. നികുതി പണമായി ആവശ്യപ്പെട്ടത്
 C.നികുതി അടയ്ക്കാത്തവരുടെ കൃഷിഭൂമി പിടിച്ചെടുത്തത്.
3. ഇന്ത്യയിലെ പരമ്പരാഗത തുണിവ്യവസായത്തിന്റെ നാശത്തിനുള്ള കാരണങ്ങൾ :
 a. യന്ത്രനിർമ്മിത ബ്രിട്ടീഷ് തുണിത്തരങ്ങളുടെ ഇറക്കുമതി
 b. ഇറക്കുമതി ചെയ്ത തുണിക്ക് വിലക്കുറവായതിനാൽ വേഗം വിറ്റഴിഞ്ഞു c. റെയിൽവേയുടെ വ്യാപനം
 d. കയറ്റുമതി ചെയ്ത ഇന്ത്യൻ തുണിത്തരങ്ങൾക്ക് ഉയർന്ന നികുതി ചുമത്തിയത്
4. ഗ്രാമീണ കൈത്തൊഴിൽ വ്യവസായങ്ങളുടെ തകർച്ച - കാരണങ്ങൾ :
 a. തുണിവ്യവസായം - യന്ത്രനിർമ്മിത ബ്രിട്ടീഷ് തുണിത്തരങ്ങളുടെ ഇറക്കുമതി

b. മൺപാത്രനിർമ്മാണം - അലുമിനീയം പാത്ര ഇറക്കുമതി
c. തുകൽപ്പണി - അസംസ്കൃത തുകലിന്റെ യൂറോപ്പിലേക്കുള്ള കയറ്റുമതി
d. മരപ്പണി - ലോഹനിർമ്മിത യന്ത്രങ്ങളുടെ ഉപയോഗം

5. 1857 ലെ ഒന്നാം സ്വാതന്ത്ര്യസമരം - കാരണങ്ങൾ :
a. കർഷകരുടെ ദുരിതങ്ങൾ - അമിത നികുതിഭാരം,ജന്മി, കൊള്ളപ്പലിശക്കാർ എന്നിവരുടെ ചൂഷണം,
b. കരകൗശലതൊഴിലാളികളുടെ ദാരിദ്ര്യം - പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ച-തുണി,മൺപാത്രം,തുകൽ-മരപ്പണി
c. രാജാക്കന്മാർക്ക് അധികാരം നഷ്ടപ്പെട്ടത്- ദത്തവകാശ നിരോധനം, സൈനികസഹായവ്യവസ്ഥ
d. ശിപായിമാരുടെ ദുരിതങ്ങൾ -ഇന്ത്യാക്കാരായ പട്ടാളക്കാർക്ക് കുറഞ്ഞ കൂലി,ദുരിതജീവിതം,കൊഴുപ്പ് പുരട്ടിയ തിരയുടെ ഉപയോഗം

## അധ്യായം -5 , സമരവും സ്വാതന്ത്ര്യവും

1. ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന പ്രാദേശിക സമരങ്ങൾ

| സമരം | വർഷം | ലക്ഷ്യം |
|---|---|---|
| ചമ്പാരനിലെ നീലം കർഷക സമരം | 1917 | നീലം തോട്ടം തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുക |
| അഹമ്മദാബാദ് തുണിമിൽ സമരം | 1918 | പ്ലേഗ് ബോണസ് ലഭിക്കാൻ -കൂലിവർദ്ദനവ് ലഭിക്കാൻ |
| ഖേഡ കർഷക സമരം | 1918 | കൃഷിനാശം വന്നതിനാൽ നികുതിയിളവ് ലഭിക്കുക |

2. ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന ദേശീയ സമരങ്ങൾ

| സമരം | വർഷം | ലക്ഷ്യം |
|---|---|---|
| നിസ്സഹകരണ സമരവും ഖിലാഫത്ത് പ്രസ്ഥാനവും | 1920 | ബ്രിട്ടീഷ് വിരുദ്ധ വികാരം വളർത്തുക,ഹിന്ദു-മുസ്ലീം മൈത്രി വളർത്തുക,സ്വദേശി പ്രോത്സാഹനം,ദേശീയവിദ്യാഭ്യാസം വളർത്തുക. |
| സിവിൽ നിയമലംഘന സമരം/ഉപ്പുസത്യാഗ്രഹം | 1930 | ബ്രിട്ടീശുകാരുടെ ജനവിരുദ്ധ സിവിൽ നിയമങ്ങൾ ലംഘിക്കുക,പൂർണ്ണസ്വരാജ്. |
| ക്വിറ്റ് ഇന്ത്യാ സമരം | 1942 | എല്ലാ അധികാരങ്ങളും ഇന്ത്യക്കു കൈമാറി ഇന്ത്യ വിടാൻ ബ്രിട്ടീഷുകാരെ നിർബന്ധിക്കുന്ന അഹിംസയിലൂന്നിയ സമരം |

3. നിസ്സഹകരണ സമരത്തിന്റെ സവിശേഷതകൾ :
A. വിദേശ വസ്തു ബഹിഷ്ക്കരണം, B. കോടതിയും ഇംഗ്ലീഷ് വിദ്യാലയങ്ങളും ബഹിഷ്ക്കരിക്കുക,
C. തെരഞ്ഞെടുപ്പുകൾ ബഹിഷ്ക്കരിക്കുക D.ബ്രിട്ടീഷ് പുരസ്കാരങ്ങൾ തിരികെ നൽകുക,E നികുതി നൽകാതിരുക്കുക.

4. വിപ്ലവപ്രസ്ഥാനങ്ങൾ

| വിപ്ലവപ്രസ്ഥാനം | നേതാക്കൾ |
|---|---|
| ഹിന്ദുസ്ഥാൻ സോഷ്യലിസ്റ്റ് റിപ്പബ്ലിക്കൻ അസോസിയേഷൻ | 1928 ഡൽഹിയിൽ ചന്ദ്രശേഖർ ആസാദ്,ഭഗത്സിംഗ്,രാജ്ഗുരു,സുഖ്ദേവ് എന്നിവർ രൂപം നൽകി.കോളനിഭരണം അട്ടിമറിക്കുക,ഇന്ത്യൻ സംസ്ഥാനങ്ങളുടെ ഫെഡറൽ റിപ്പബ്ലിക്ക് സ്ഥാപിക്കുക,സായുധവിപ്ലവം സംഘടിപ്പിക്കുക എന്നിവയായിരുന്നു ലക്ഷ്യങ്ങൾ. |
| അഭിനവ് ഭാരത് സൊസൈറ്റി | വി ഡി സവർക്കർ |
| അനുശീലൻ സമിതി | ബരീന്ദർ കുമാർ ഘോഷ്,പുലിൻ ബിഹാരി ദാസ് |
| ഗദർ പാർട്ടി | ലാലാ ഹർദയാൽ |
| ഇന്ത്യൻ റിപ്പബ്ലിക്കൻ ആർമി | സൂര്യസെൻ |

## അധ്യായം -ആറ് സ്വാതന്ത്ര്യാനന്തര ഇന്ത്യ

1. സ്വാതന്ത്ര്യാനന്തര ഇന്ത്യ നേരിട്ട വെല്ലുവിളികൾ :
a. ഇന്ത്യാ വിഭജനം - (ഇന്ത്യ ,പാക്കിസ്ഥാൻ) b. അഭയാർത്ഥി പ്രവാഹം - (ഭക്ഷണം ,പാർപ്പിടം)
c. വർഗ്ഗീയ ലഹളകൾ - (ഹിന്ദു -മുസ്ലീം) d. ഗാന്ധിജിയുടെ വധം - 1948 ജനുവരി 30
e. നാട്ടുരാജ്യങ്ങളുടെ സംയോജനം - (പട്ടേൽ ,വി പി മേനോൻ )
2. ഇന്ത്യൻ സമ്പദ് വ്യവസ്ഥ സാമ്പത്തിക മുന്നേറ്റം :
a. ഇന്ത്യ മിശ്ര സമ്പദ് വ്യവസ്ഥ സ്വീകരിച്ചു.മുതലാളിത്വ -സോഷ്യലിസ്റ്റ് സമ്പദ് വ്യവസ്ഥകളുടെ സമന്വയം.കേന്ദ്രീകൃത സാമ്പത്തിക ആസൂത്രണം നെഹ്റു കൊണ്ടുവന്നു.
3. ഇന്ത്യയും ബഹിരാകാശ ഗവേഷണവും :
a.1962 ൽ നെഹ്റു ,വിക്രം സാരാഭായി എന്നിവരുടെ നേതൃത്വത്തിൽ ദേശീയ ബഹിരാകാശ ഗവേഷണ സമിതി രൂപീകരിച്ചു.
b. 1969 ൽ ഇന്ത്യൻ ബഹിരാകാശ ഗവേഷണ സംഘടന (ISRO) രൂപീകരിച്ചു.
c. തുമ്പയിൽ ഇന്ത്യയിലെ ആദ്യ റോക്കറ്റ് വിക്ഷേപണ കേന്ദ്രം ആരംഭിച്ചു.
d. 1975 ൽ ഇന്ത്യ ആര്യഭട്ട എന്ന ഉപഗ്രഹം വിജയകരമായി വിക്ഷേപിച്ചു.
g. 2008 ൽ ചന്ദ്രയാൻ ദൗത്യത്തിലൂടെ ചന്ദ്ര പരീക്ഷണത്തിന് തുടക്കമിട്ടു.
h. 2013 ൽ മംഗൾയാൻ വിക്ഷേപണത്തിലൂടെ ചൊവ്വ പരീക്ഷണത്തിന് തുടക്കമിട്ടു.
4. ഇന്ത്യയുടെ വിദേശനയത്തിന്റെ പ്രധാനതത്വങ്ങൾ

a. സാമ്രാജ്യത്തോടും കോളനിവ്യവസ്ഥയോടുമുള്ള എതിർപ്പ് b. വംശീയവാദത്തോടുള്ള വിദ്വേഷം
c. ഐക്യരാഷ്ട്രസഭയിലുള്ള വിശ്വാസം d. പഞ്ചശീലതത്വങ്ങൾ e. ചേരിചേരായ്മ

5. പഞ്ചശീലതത്വങ്ങൾ -1954 ൽ ഇന്ത്യ ചൈനയുമായി ഒപ്പിട്ട കരാർ- നെഹ്റുവും ചൗ എൻ ലായിയും ഒപ്പുവെച്ചു.
1. പരസ്പരം ആക്രമിക്കാതിരിക്കുക 2. ആഭ്യന്തരകാര്യങ്ങളിൽ പരസ്പരം ഇടപെടാതിരിക്കുക
3. സമത്വവും പരസ്പര സഹായവും പുലർത്തുക 4. സമാധാനപരമായ സഹവർത്തിത്വം പാലിക്കുക

## അധ്യായം 7 കേരളം ആധുനീകതയിലേക്ക്

1. ബ്രിട്ടീഷ് ചൂഷണത്തിനെതിരെ കേരളത്തിലുണ്ടായ ആദ്യകാല ചെറുത്തുനിൽപ്പുകൾ :

| വ്യക്തി | പ്രദേശം | കാരണം |
|---|---|---|
| കേരളവർമ്മ പഴശ്ശിരാജ | മലബാർ | അധികാരം നൽകാമെന്ന വാഗ്ദാന ലംഘിച്ചത് |
| വേലുത്തമ്പി ദളവ | തിരുവിതാംകൂറ് | ആഭ്യന്തരകാര്യങ്ങളിൽ അമിതമായി ഇടപെട്ടത് |
| പാലിയത്തച്ചൻ | കൊച്ചി | ആഭ്യന്തരകാര്യങ്ങളിൽ അമിതമായി ഇടപെട്ടത് |

2. കേരളത്തിൽ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തിയ മിഷനറി സംഘങ്ങൾ :

| മിഷനറി സംഘം | പ്രവർത്തനമേഖല |
|---|---|
| ലണ്ടൻ മിഷൻ സൊസൈറ്റി (L M S ) | തിരുവിതാംകൂർ |
| ചർച്ച് മിഷൻ സൊസൈറ്റി ( C M S ) | തിരുവിതാംകൂർ,കൊച്ചി |
| ബാസൽ ഇവാൻഞ്ചലിക്കൽ മിഷൻ (B E M ) | മലബാർ |

3. വൈക്കം സത്യാഗ്രഹം - 1924 :
a. വൈക്കം ക്ഷേത്രത്തിനു ചുറ്റുമുള്ള പൊതുനിരത്തിലൂടെ സഞ്ചാരസ്വാതന്ത്ര്യത്തിനായി നടന്ന പ്രക്ഷോഭം
b. ടി കെ മാധവൻ ആയിരുന്നു നേതാവ്
c. ഈ സമരത്തോട് അനുഭാവം പ്രകടിപ്പിച്ച് മന്നത്ത് പത്മനാഭന്റെ നേതൃത്വത്തിൽ സവർണ്ണ ജാത സംഘടിപ്പിച്ചു.
d. സമരഫലമായി വൈക്കം ക്ഷേത്രത്തിനു ചുറ്റുമുള്ള പൊതുനിരത്തിലൂടെ യാത്രചെയ്യാൻ അവർണ്ണജാതിക്കാർക്ക് അനുവാദം ലഭിച്ചു

4. ഗുരുവായൂർ സത്യാഗ്രഹം - 1931 :
a. ഗുരുവായൂർ ക്ഷേത്രത്തിൽ എല്ലാ ജാതിയിലും പെട്ട ഹിന്ദുക്കൾക്ക് പ്രവേശനം അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നടന്ന സമരം
b. കെ കേളപ്പനായിരുന്നു നേതാവ് c. എ കെ ഗോപാലനായിരുന്നു സമര വാളണ്ടിയർ ക്യാപ്റ്റൻ
d. ജനകീയ സമരത്തിനൊടുവിൽ 1936 നവംബർ 12 ന് തിരുവിതാംകൂറിൽ ക്ഷേത്രപ്രവേശന വിളംമ്പരം പുറപ്പെടുവിച്ചു.ഉടർന്ന് എല്ലാ വിഭാഗക്കാർക്കും ആരാധനാ സ്വാതന്ത്ര്യം ലഭിച്ചു

5. മലയാളി മെമ്മോറിയൽ -1891 :
സർക്കാർ ജോലികളിൽ തിരുവിതാംകൂറുകാർക്ക് മതിയായ പ്രാധിനിധ്യം ആവശ്യപ്പെട്ട് ബാരിസ്റ്റർ ജി പി പിള്ളയുടെ നേതൃത്വത്തിൽ പതിനായിരത്തിലധികം പേർ ഒപ്പിട്ട മെമ്മോറാണ്ടം മഹാരാജാവിന് സമർപ്പിച്ചു.ഇതാണ് മലയാളിമെമ്മോറിയൽ.

6. ഈഴവ മെമ്മോറിയൽ -1896 :
ഡോ.പൽപ്പുവിന്റെ നേതൃത്വത്തിൽ ഈഴവർ അനുഭവിക്കുന്ന പ്രയാസങ്ങൾ ചൂണ്ടിക്കാട്ടി മഹാരാജാവിന് സമർപ്പിച്ച മെമ്മോറാണ്ടം.

7. നിവർത്തന പ്രക്ഷോഭം -1932 :
സർക്കാർ ഉദ്യോഗങ്ങളിലും നിയമസഭയിലും ജനസംഖ്യ ആനുപാതികമായി സംവരണം വേണമെന്നാവശ്യപ്പെട്ട് ക്രിസ്ത്യൻ - മുസ്ലിം -ഈഴവ സമുദായക്കാർ 1932 ൽ നടത്തിയ പ്രക്ഷോഭം.N V ജോസഫ് ,P K കുഞ്ഞ് ,C.കേശവൻ എന്നിവരായിരുന്നു നേതാക്കൾ

## അധ്യായം 8 പൊതുഭരണം

1. ഉദ്യോഗസ്ഥ വൃന്ദത്തിന്റെ സവിശേഷതകൾ :
a. ശ്രേണിപരമായ സംഘാടനം b.സ്ഥിരത c. യോഗ്യത അടിസ്ഥാനമാക്കി നിയമനം d.രാഷ്ട്രീയ നിഷ്പക്ഷത e. വൈദഗ്ധ്യം.

| | |
|---|---|
| ശ്രേണിപരമായ സംഘാടനം | ഉയർന്ന തലത്തിൽ ഒരു ഉദ്യോഗസ്ഥനും കീഴ് തലങ്ങളിൽ കൂടുതൽ ഉദ്യോഗസ്ഥരും ഉൾക്കൊള്ളുന്നത് |
| സ്ഥിരത | ഉദ്യോഗസ്ഥനായി നിയമിക്കപ്പെടുന്നവർക്ക് നിശ്ചിതകാലം വരെ സേവനകാലാവധി ഉണ്ടാകും |
| യോഗ്യതഅടിസ്ഥാനമാക്കി നിയമനം | വിദ്യാഭ്യാസയോഗ്യത അടിസ്ഥാനമാക്കിയാണ് ഉദ്യോഗസ്ഥരെ തിരഞ്ഞെടുക്കുകയും നിയമിക്കുകയും ചെയ്യുന്നത് |
| രാഷ്ട്രീയ നിഷ്പക്ഷത | കക്ഷിരാഷ്ട്രീയ താൽപ്പര്യങ്ങൾ ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങളിൽ പ്രതിഫലിക്കാൻ പാടില്ല.അവർ നിഷ്പക്ഷമായി പ്രവർത്തിക്കണം |
| വൈദഗ്ധ്യം | ഓരോ ഗവ.ഉദ്യോഗസ്ഥനും തങ്ങൾ നിർവഹിക്കേണ്ട തൊഴിലിൽ വൈദഗ്ധ്യമുള്ളവരായിരിക്കും |

2. ഇന്ത്യൻ സിവിൽ സർവ്വീസ് :

| അഖിലേന്ത്യാസർവ്വീസ് | കേന്ദ്ര സർവ്വീസ് | സംസ്ഥാന സർവ്വീസ് |
|---|---|---|

| | | |
|---|---|---|
| a. ദേശീയ തലത്തിൽ തിരഞ്ഞെടുക്കുന്ന<br>b. കേന്ദ്ര സർവീസിലോ സംസ്ഥാന സർവീസിലോ നിയമിക്കപ്പെടുന്ന<br>ഉദാ : IAS ,IPS | a.ദേശീയ തലത്തിൽ തിരഞ്ഞെടുക്കുന്ന<br>b. കേന്ദ്രഗവൺമെന്റിന് മാത്രം അധികാരമുള്ള ഭരണവകുപ്പുകളിൽ നിയമിക്കപ്പെടുന്ന<br>ഉദാ .ഇന്ത്യൻ ഫോറിൻ സർവീസ്, ഇന്ത്യൻ റെയിൽവേ സർവീസ് | a. സംസ്ഥാനതലത്തിൽ തിരഞ്ഞെടുക്കുന്ന<br>b.സംസ്ഥാന ഗവൺമെന്റിനു കീഴിൽ വരുന്ന വകുപ്പുകളിൽ നിയമിക്കപ്പെടുന്നു<br>ഉദാ.സെയിൽസ് ടാക്സ് ഓഫീസർ |

3. ഇ ഗവേണൻസ് കൊണ്ട് പൊതുജനങ്ങൾക്കുള്ള നേട്ടങ്ങൾ :
   a. സേവനത്തിനായി സർക്കാർ ഓഫീസിൽ കാത്തുനിൽക്കേണ്ടതില്ല.
   b. വിവരസാങ്കേതികവിദ്യയുടെ സഹായത്താൻ സേവനം നേടാം.
   c. സർക്കാർ സേവനം കുറഞ്ഞചെലവിലും വേഗത്തിലും ലഭിക്കുന്നു.
   d. ഓഫീസുകളുടെ കാര്യക്ഷമതയും സേവനത്തിന്റെ ഗുണമേന്മയും വർധിക്കുന്നു.
4. ലോക്പാലും ലോകായുക്തയും
   ഭരണതലത്തിലും ഉദ്യോഗസ്ഥതലത്തിലും രാഷ്ട്രീയതലത്തിലുമുള്ള അഴിമതി തടയുന്നതിന് രൂപം നൽകിയിരിക്കുന്ന സ്ഥാപനങ്ങളാണ് ഇവ രണ്ടും.

| ലോക്പാൽ | ലോകായുക്ത |
|---|---|
| ദേശീയതലത്തിൽ അഴിമതി തടയുന്നതിന് രൂപം നൽകിയ സ്ഥാപനമാണിത് | സംസ്ഥാനതലത്തിൽ അഴിമതി കേസുകൾ പരിശോധിക്കുന്നതിന് രൂപം നൽകിയ സ്ഥാപനമാണിത് |

## അധ്യായം - 9 രാഷ്ട്രവും രാഷ്ട്രതന്ത്രശാസ്ത്രവും

1. രാഷ്ട്രത്തിന്റെ ഘടകങ്ങൾ - ജനങ്ങൾ , ഭൂപ്രദേശം , പരമാധികാരം , ഗവൺമെന്റ്
2. രാഷ്ട്രത്തിന്റെ ചുമതലകൾ - രണ്ടു തരം
   1. നിർബന്ധിതമായ ചുമതലകൾ - രാഷ്ട്രം എല്ലാകാലത്തും നിർബന്ധമായും നിർവഹിക്കേണ്ട ചുമതലകൾ.
      ഉദാ. അതിർത്തിസംരക്ഷണം,ആഭ്യന്തര സമാധാനം,നീതി നടപ്പാക്കൽ...
   2. വിവേചനപരമായ ചുമതലകൾ - രാഷ്ട്രത്തിന്റെ സാമ്പത്തിക സ്ഥിതിക്കനുസരിച്ച് നിർവഹിക്കേണ്ട ചുമതലകൾ
      ഉദാ.വിദ്യാഭ്യാസം,ആരോഗ്യസംരക്ഷണം..
3. രാഷ്ട്രരൂപീകരണസിദ്ധാന്തങ്ങൾ
   1. ദൈവദത്ത സിദ്ധാന്തം - രാഷ്ട്രം ദൈവസൃഷ്ടിയാണ്,രാജാവ് ദൈവത്തിന്റെ പ്രതിപുരുഷനാണ്,രാജാവിന് ദൈവത്തോട് മാത്രമാണ് കടപ്പാട്.
   2. പരിണാമ സിദ്ധാന്തം - രാഷ്ട്രം ചരിത്രസൃഷ്ടിയാണ്,സാമൂഹികപരിണാമ പ്രക്രിയകളിലൂടെ രൂപം കൊണ്ടു.
   3. സാമൂഹിക ഉടമ്പടി സിദ്ധാന്തം - ജനങ്ങളുണ്ടാക്കി ഒരു കരാറിലൂടെ രാഷ്ട്രം രൂപം കൊണ്ടു
   4. ശക്തി സിദ്ധാന്തം - ശക്തർ ദുർബലരുടെ മേൽ ആധിപത്യം സ്ഥാപിച്ചതിലൂടെ രാഷ്ട്രം രൂപീകരിക്കപ്പെട്ടു.
4. രാഷ്ട്രതന്ത്രശാസ്ത്രത്തിലെ പ്രധാന പഠനമേഖലകൾ
   1. രാഷ്ട്രീയ സിദ്ധാന്തങ്ങൾ 2. അന്തർദേശീയ രാഷ്ട്രീയം 3. താരതമ്യ രാഷ്ട്രീയം 4. പൊതുഭരണം
5. രാഷ്ട്രതന്ത്രശാസ്ത്ര പഠനത്തിന്റെ പ്രാധാന്യം
   1. ജനങ്ങളിൽ പൗരബോധം വളർത്താൻ കഴിയും
   2. സാമൂഹിക,രാഷ്ട്രീയ,സാമ്പത്തി പ്രശ്നങ്ങളിൽ യുക്തിപൂർവം ഇടപെടാൻ സഹായിക്കും
   3. മെച്ചപ്പെട്ട രാഷ്ട്രീയ വ്യവസ്ഥയ്ക്ക് രൂപം നൽകാൻ സഹായിക്കും 4. രാഷ്ട്രത്തോടുള്ള കടമകൾ നിറവേറ്റും.

## അധ്യായം 11 സമൂഹശാസ്ത്രം :എന്ത് ? എന്തിന് ?

1.സർഗ്ഗരചനയും സമൂഹശാസ്ത്ര പഠനവും തമ്മിലുള്ള വ്യത്യാസങ്ങൾ :

| സർഗ്ഗരചന | സമൂഹശാസ്ത്ര പഠനം |
|---|---|
| a. ഭാവന ,സർഗ്ഗാത്മകത എന്നിവ ഉപയോഗിച്ച് രചന നടത്തുന്നു<br>b. സാമൂഹിക സംഭവങ്ങളെ സൗന്ദര്യാത്മകതലങ്ങളിൽ ആവിഷ്കരിക്കുന്നു<br>c. സർഗരചന ആസ്വാദനം ലക്ഷ്യം വയ്ക്കുന്നു | a. സാമൂഹിക പ്രതിഭാസങ്ങൾ വിഷയങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്യുന്നു.<br>b. സാമൂഹികാവസ്ഥകളെ കാര്യകാരണബന്ധത്തിന്റെ അടിസ്ഥാനത്തിൽ അപഗ്രഥിക്കുന്നു<br>c. സമൂഹത്തെ വസ്തുനിഷ്ഠമായി അപഗ്രഥിക്കുന്നു |

2. സമൂഹശാസ്ത്രപഠനം എന്തിന് ? സമൂഹശാസ്ത്രപഠനത്തിന്റെ പ്രാധാന്യം / പ്രസക്തി :
   a. സമൂഹത്തെക്കുറിച്ചുള്ള ശരിയായ ധാരണരൂപീകരിക്കാൻ സഹായിക്കുന്നു.
   b. സ്വന്തം സമൂഹത്തെയും മറ്റുള്ളവരുടെ സമൂഹത്തെയും വസ്തുനിഷ്ഠമായറിയാൻ സഹായിക്കുന്നു.
   c. വ്യക്തിയും സാമൂഹിക സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം തിരിച്ചറിയാൻ സഹായിക്കുന്നു
   d. സാമൂഹിക പ്രശ്നങ്ങളെക്കുറിച്ച് സൂക്ഷമമായി പഠിക്കുന്നു.
   e. സാമൂഹിക പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ സഹായിക്കുന്നു.
3. സമൂഹശാസ്ത്രത്തിലെ പ്രധാന പഠനമേഖലകൾ :
   a. സാമൂഹിക സ്ഥാപനങ്ങൾ b. സാമൂഹിക സംഘങ്ങൾ c. സാമൂഹിക ബന്ധങ്ങൾ
   d. സാമൂഹീകരണം e. സാമൂഹിക നിയന്ത്രണം f. സാമൂഹിക പ്രശ്നങ്ങൾ
4. സമൂഹശാസ്ത്രത്തിൽ ഉപയോഗിക്കുന്ന പഠനരീതികൾ :
   a. സോഷ്യൽ സർവേ b. അഭിമുഖം c. നിരീക്ഷണം d. കേസ് സ്റ്റഡി
5. അഭിമുഖത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ :

a. ആവശ്യമായ വ്യക്തികളെ കണ്ടെത്തൽ   b. ശേഖരിക്കേണ്ട വിവരങ്ങളെക്കുറിച്ച് ധാരണ രൂപീകരിക്കൽ
c. ഉചിതമായ ചോദ്യങ്ങൾ ഒരുക്കൽ   d. ഫലവത്തായ രീതിയിലുള്ള ആശയവിനിമയം   e. സമയക്രമീകരണം

## SS II   അധ്യായം 1   ഋതുഭേദങ്ങളും സമയവും

1. ഋതുഭേദങ്ങൾക്കു കാരണമാകുന്ന ഘടകങ്ങൾ :
a. ഭൂമിയുടെ പരിക്രമണം   b. അച്ചുതണ്ടിന്റെ ചരിവ്   c. അച്ചുതണ്ടിന്റെ സമാന്തരത   d.സൂര്യന്റെ അയനമാറ്റം

2.പട്ടികകൾ

| മാസം | സൂര്യരശ്മിയുടെ സ്ഥാനം | ഋതുക്കൾ | |
|---|---|---|---|
| | | ഉത്തരാർധഗോളം | ദക്ഷിണാർധഗോളം |
| മാർച്ച് 21 - സെപ്തംബർ 23 | ഉത്തരാർധഗോളം | ഉഷ്ണകാലം/വേനൽകാലം | ശൈത്യകാലം |
| സെപ്തംബർ 23 - മാർച്ച് 21 | ദക്ഷിണാർധഗോളം | ശൈത്യകാലം | ഉഷ്ണകാലം/വേനൽകാലം |

| | |
|---|---|
| വസന്തകാലം | ശൈത്യകാലത്തിൽനിന്ന് ഉഷ്ണകാലത്തിലേക്കുള്ള മാറ്റത്തിന്റെ കാലം |
| ഹേമന്തകാലം | വേനൽക്കാല ചൂടിൽനിന്നും ശൈത്യത്തിലേക്കുള്ള മാറ്റത്തിന്റെ കാലം |

| മാസങ്ങൾ | സൂര്യന്റെ അയനം | ഋതുക്കൾ | |
|---|---|---|---|
| | | ഉത്തരാർധഗോളം | ദക്ഷിണാർധഗോളം |
| മാർച്ച് 21 - ജൂൺ 21 | ഭൂമധ്യരേഖയിൽനിന്ന് ഉത്തരായനരേഖയിലേക്ക് | വസന്തം | ഹേമന്തം |
| ജൂൺ 21 - സെപ്തംബർ 23 | ഉത്തരായനരേഖയിൽനിന്ന് ഭൂമധ്യരേഖയിലേക്ക് | ഗ്രീഷ്മം | ശൈത്യം |
| സെപ്തംബർ 23 - ഡിസംബർ 22 | ഭൂമധ്യരേഖയിൽനിന്ന് ദക്ഷിണായനരേഖയിലേക്ക് | ഹേമന്തം | വസന്തം |
| ഡിസംബർ 22 - മാർച്ച് 21 | ദക്ഷിണായനരേഖയിൽനിന്ന് ഭൂമധ്യരേഖയിലേക്ക് | ശൈത്യം | ഗ്രീഷ്മം |

3. ആഗോളമർദമേഖലകൾ :

| | |
|---|---|
| മധ്യരേഖ ന്യൂനമർദമേഖല | 0 ഡിഗ്രി |
| ഉപോഷ്ണ ഉച്ചമർദമേഖല | 30 ഡിഗ്രി വടക്കും 30 ഡിഗ്രി തെക്കും |
| ഉപധ്രുവീയ ന്യൂനമർദമേഖല | 60 ഡിഗ്രി വടക്കും 60 ഡിഗ്രി തെക്കും |
| ധ്രുവീയ ഉച്ചമർദമേഖല | 90 ഡിഗ്രി വടക്കും 90 ഡിഗ്രി തെക്കും |

4. ആഗോളവാതങ്ങൾ : ആഗോളമർദമേഖലകൾക്കിടയിൽ രൂപപ്പെടുന്ന കാറ്റുകളെ ആഗോളവാതങ്ങൾ എന്ന വിളിക്കുന്നു. വർഷം മുഴുവൻ ഒരേ ദിശയിൽ സ്ഥിരമായി വീശുന്ന കാറ്റുകളാണിവ.

5. ആഗോളവാതങ്ങൾ മൂന്ന് തരം :
a. വാണിജ്യവാതങ്ങൾ - 30 ഡിഗ്രിയിൽ നിന്ന് 0 ഡിഗ്രിയിലേക്ക് വീശുന്നു
b. പശ്ചിമവാതങ്ങൾ - 30 ഡിഗ്രിയിൽ നിന്ന് 60 ഡിഗ്രിയിലേക്ക് വീശുന്നു
c. ധ്രുവീയവാതങ്ങൾ - 90 ഡിഗ്രിയിൽ നിന്ന് 60 ഡിഗ്രിയിലേക്ക് വീശുന്നു

6. പ്രാദേശികവാതങ്ങൾ :
മറ്റ് കാറ്റുകളെ അപേക്ഷിച്ച് താരതമ്യേന ചെറിയപ്രദേശത്തുമാത്രമായി അനുഭവപ്പെടുന്ന കാറ്റുകളാണിവ.

| പ്രധാന പ്രാദേശികവാതങ്ങൾ | വീശുന്ന പ്രദേശം |
|---|---|
| ചിനൂക്ക് | വടക്കേ അമേരിക്കയിലെ റോക്കി പർവതനിരയുടെ കിഴക്കൻ ചരിവിലൂടെ വീശുന്നു |
| ഫൊൻ | യൂറോപ്പിലെ ആൽപ്സ് പർവതനിരയുടെ തെക്കൻ താഴ്വാരത്ത് വീശുന്നു |
| ഹർമാറ്റൻ | ആഫ്രിക്കയിലെ സഹാറാ മരുഭൂമിയിൽനിന്ന് പടിഞ്ഞാറൻ ആഫ്രിക്കയിലേക്ക് വീശുന്നു |
| ലൂ | ഉത്തരേന്ത്യൻ സമതലങ്ങളിൽ വീശുന്ന ഉഷ്ണകാറ്റാണിത് |
| മാംഗോഷവേഴ്സ് | ഉഷ്ണകാലത്ത് ദക്ഷിണേന്ത്യയിൽ വീശുന്ന പ്രാദേശിക വാതമാണിത് |

## അധ്യായം 3   മാനവവിഭവശേഷി വികസനം ഇന്ത്യയിൽ

1. ഒരു രാജ്യത്തെ ജനസംഖ്യയിൽ മാറ്റം വരുത്തുന്ന ഘടകങ്ങൾ :

| | | |
|---|---|---|
| | ജനനനിരക്ക് വർധിക്കുന്നു | ജനസംഖ്യ വർധിക്കുന്നു |

| | | |
|---|---|---|
| ജനനനിരക്ക് / മരണനിരക്ക് | മരണനിരക്ക് കുറയുന്നു | |
| | ജനനനിരക്ക് കുറയുന്നു മരണനിരക്ക് വർധിക്കുന്നു | ജനസംഖ്യ കുറയുന്നു |
| | ജനനനിരക്കും മരണനിരക്കും തുല്യം | ജനസംഖ്യയിൽ മാറ്റമില്ല |
| കുടിയേറ്റം | ഒരു പ്രദേശത്ത് ജനസംഖ്യ വർധിക്കുന്നു,മറ്റൊരു പ്രദേശത്ത് ജനസംഖ്യ കുറയുന്നു | |

2. മെച്ചപ്പെട്ട മാനവവിഭവത്തിന്റെ പ്രയോജനങ്ങൾ / സവിശേഷതകൾ :
   a. സാമ്പത്തിക അന്തരം കുറയ്ക്കാം   b. പ്രകൃതി വിഭവങ്ങൾ ഫലപ്രദമായി വിനിയോഗിക്കാം
   c. സാമൂഹികക്ഷേമം ഉറപ്പുവരുത്താം   d. തൊഴിലാളികളുടെ ഉല്പാദനക്ഷമത കൂട്ടാം

## അധ്യായം - നാല് :ഭൂതലവിശകലനം ഭൂപടങ്ങളിലൂടെ

1.ധരാതലീയ ഭൂപടങ്ങളുടെ ഉപയോഗങ്ങൾ :
   a. ഭൂപ്രദേശങ്ങളുടെ ഭൗതികവും സാംസ്കാരികവുമായ സവിശേഷതകൾ വിശകലനം ചെയ്യുന്നതിന്
   b. സൈനിക പ്രവർത്തനങ്ങൾക്കും,സൈനികഭൂപടങ്ങളുടെ നിർമ്മാണത്തിനും
   c. നഗരാസൂത്രണ പ്രവർത്തനങ്ങൾക്ക   d. വിഭവസംരക്ഷണത്തിനും വിഭവാസൂത്രണത്തിനും

2. . കോണ്ടൂർ രേഖകളിൽ നിന്ന് മനസ്സിലാക്കാവുന്ന കാര്യങ്ങൾ :
   a. ഭൂപ്രദേശത്തിന്റെ ഉയരം   b. ചരിവിന്റെ അളവ്   c. ഭൂരൂപത്തിന്റെ ആകൃതി

## ആധ്യായം - 5 പൊതുചെലവും പൊതുവരുമാനവും

1. പൊതുചെലവിനെ രണ്ടായി തരം തിരിക്കാം - :

| | |
|---|---|
| വികസനച്ചെലവുകൾ | റോഡ്,പാലം,തുറമുഖം,പുതിയ സംരംഭങ്ങളും സ്കൂളുകളും തുടങ്ങുക മുതലായ പ്രവർത്തനങ്ങൾക്കുള്ള സർക്കാർ ചെലവാണ് വികസനച്ചെലവുകൾ |
| വികസനേതര ചെലവുകൾ | യുദ്ധം,പലിശ,പെൻഷൻ തുടങ്ങിയവയ്ക്കുള്ള ചെലവുകളാണ് വികസനേതര ചെലവുകൾ |

c. നികുതിയെ പ്രത്യക്ഷനികുതി പരോക്ഷനികുതി എന്ന് തരം തിരിക്കാം

| 2. പ്രത്യക്ഷനികുതി | 3. പരോക്ഷനികുതി |
|---|---|
| നികുതി ചുമത്തപ്പെടുന്ന ആൾ തന്നെ നികുതി അടയ്ക്കുന്നു | നികുതി ചുമത്തപ്പെടുന്നത് ഒരാളിലും നൽകുന്നത് മറ്റൊരാളും |
| നികുതിഭാരം നികുതിദായകൻ അറിയുന്നു | നികുതിദായകർ നികുതിഭാരം അറിയുന്നില്ല |
| നികുതി പിരിവിന് ചെലവ് താരതമ്യേന കൂടുതലാണ് | നികുതി പിരിവിന് ചെലവ് താരതമ്യേന കുറവാണ് |

| 4. പ്രത്യക്ഷനികുതികൾ | 5. പരോക്ഷനികുതികൾ |
|---|---|
| 1.വ്യക്തിഗത ആദായ നികുതി - വ്യക്തി വരുമാനത്തിൽ ചുമത്തുന്നത് | 1.മൂല്യവർദ്ദിത നികുതി - ഉല്പന്നത്തിന്റെ വിവിധ ഘട്ടങ്ങളിലെ മൂല്യത്തിൻമേൽ ചുമത്തുന്നത് |
| | 2. എക് സൈസ് ഡ്യൂട്ടി -സാധനങ്ങളുടെ ഉല്പാദന ഘട്ടത്തിൽ ചുമത്തുന്നത് |
| 2.കോർപറേറ്റ് നികുതി - കമ്പനികളുടെ ലാഭത്തിൻമേൽ ചുമത്തുന്നത് | 3.കസ്റ്റംസ് തീരുവ – സാധനങ്ങളുടെ കയറ്റുമതിയിലും ഇറക്കുമതിയിലും ചുമത്തുന്നത് |
| | 4.സേവന നികുതി - സേവനങ്ങൾക്കുമേൽ ചുമത്തുന്നത് |

6. ബജറ്റ് - a. ഒരു സാമ്പത്തികവർഷത്തിൽ സർക്കാർ പ്രതീക്ഷിക്കുന്ന വരവും ചെലവും വിശദമാക്കുന്ന ധനകാര്യരേഖയാണ് ബജറ്റ്.
   b. ഇന്ത്യയിൽ ഏപ്രിൽ 1 മുതൽ മാർച്ച് 31 വരെയാണ് സാമ്പത്തികവർഷം.
   c. ബജറ്റുകൾ മൂന്ന് തരമുണ്ട്.
      1. സംതുലിത ബജറ്റ് - വരുമാനവും ചെലവും തുല്യമായി വരുന്നത് ( വരുമാനം = ചെലവ് )
      2. മിച്ച ബജറ്റ് - വരുമാനം ചെലവിനേക്കാൾ കൂടുതലുള്ളത് ( വരുമാനം > ചെലവ് )
      3. കമ്മി ബജറ്റ് - ചെലവ് വരവിനേക്കാൾ കൂടുതലുള്ളത്. ( വരുമാനം < ചെലവ് )

7. വിവിധ സർക്കാരുകൾ വാങ്ങുന്ന നികുതികൾ

| കേന്ദ്രസർക്കാർ | സംസ്ഥാന സർക്കാർ | തദ്ദേശസ്വയംഭരണ സർക്കാർ |
|---|---|---|
| കോർപ്പറേറ്റ് നികുതി | മൂല്യവർദ്ധിത നികുതി | വസ്തു നികുതി |
| വ്യക്തിഗത ആദായ നികുതി | സ്റ്റാമ്പ് ഡ്യൂട്ടി, ഭൂനികുതി | തൊഴിൽ നികുതി |
| യൂണിയൻ എക് സൈസ് ഡ്യൂട്ടി | സംസ്ഥാന എക് സൈസ് ഡ്യൂട്ടി | വിനോദ നികുതി |

8. നികുതിയിതര വരുമാന സ്രോതസ്സുകൾ

| | | |
|---|---|---|
| 1 | ഫീസ് | സർക്കാർ സേവനങ്ങൾക്കുള്ള പ്രതിഫലമായി ഈടാക്കുന്നത് , ഉദാ.ലൈസൻസ് ഫീസ്,രജിസ്ട്രേഷൻ ഫീസ് |

| | | |
|---|---|---|
| 2 | ഫൈനുകളും പെനാൽറ്റികളും | നിയമം ലംഘിക്കുന്നതിനു നൽകുന്ന ശിക്ഷ,ഉദാ. ഹെൽമറ്റ് ധരിക്കാത്തതിന് |
| 3 | ഗ്രാന്റ് | ഒരു സർക്കാർ മറ്റൊരു സർക്കാരിന് നൽകുന്ന സാമ്പത്തിക സഹായം , ഉദാ.കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ തദ്ദേശ സർക്കാരുകൾക്ക് നൽകുന്നു |
| 4 | പലിശ | സർക്കാർ വിവിധ സംരംഭങ്ങൾക്കും,ഏജൻസികൾക്കും,രാജ്യങ്ങൾക്കും നൽകിയ വായ്പകൾക്ക് ലഭിക്കുന്നത് |
| 5 | ലാഭം | സർക്കാർ നടത്തുന്ന സംരംഭങ്ങളിൽ നിന്നുള്ള വരുമാനം.ഉദാ.റെയിൽവേ.. |

9. ധനനയത്തിന്റെ ലക്ഷ്യങ്ങൾ :
   A. സാമ്പത്തിക സ്ഥിരത കൈവരിക്കുക  B. തൊഴിലവസരങ്ങൾ സൃഷ്ടിക്കുക
   C. അനാവശ്യ ചെലവുകൾ നിയന്ത്രിക്കുക D.പൊതുകടം കുറയ്ക്കുക

## അധ്യായം 7 വൈവിധ്യങ്ങളുടെ ഇന്ത്യ

1. ഹിമാലയൻ നദികളുടെയും ഉപദ്വീപീയ നദികളുടെയും പ്രത്യേകതകൾ

| ഹിമാലയൻ നദികൾ | ഉപദ്വീപീയ നദികൾ |
|---|---|
| ഹിമാലയപർവതനിരകളിൽ നിന്ന് ഉത്ഭവിക്കുന്നു | ഉപദ്വീപീയ പീഠഭൂമിയിലെ മലനിരകളിൽ നിന്ന് ഉത്ഭവിക്കുന്നു |
| അതിവിസ്തൃതമായ വൃഷ്ടിപ്രദേശം | താരതമ്യേന വിസ്തൃതി കുറഞ്ഞ വൃഷ്ടിപ്രദേശം |
| അതിശക്തമായ അപരദന തീവ്രത | അപരദന തീവ്രത താരതമ്യേന കുറവ് |
| ഉയർന്ന ജലസേചനശേഷി | കുറഞ്ഞ ജലസേചനശേഷി |
| സമതലപ്രദേശങ്ങളിൽ ഉൾനാടൻ ജലഗതാഗതത്തിന് സാധ്യത കൂടുതൽ | ഉൾനാടൻ ജലഗതാഗതത്തിന് സാധ്യത താരതമ്യേന കുറവ് |

2. തീരസമതലങ്ങളുടെ സവിശേഷതകൾ :

| പടിഞ്ഞാറൻ തീരസമതലം | കിഴക്കൻ തീരസമതലം |
|---|---|
| a. അറബിക്കടലിനും പശ്ചിമഘട്ടത്തിനുമിടയിൽ ,റാൻ ഓഫ് കച്ച് മുതൽ കന്യാകുമാരി വരെ<br>b. താരതമ്യേന വീതി കുറവ്<br>c. ഗുജറാത്ത് തീരസമതലം,കൊങ്കൺ തീരസമതലം, മലബാർ തീരസമതലം എന്നിങ്ങനെ തിരിക്കാം<br>d. കായലുകളും അഴിമുഖങ്ങളും കാണപ്പെടുന്നു | a. ബംഗാൾ ഉൾക്കടലിനും പൂർവഘട്ടത്തിനുമിടയിൽ , സുന്ദരവനപ്രദേശം മുതൽ കന്യാകുമാരി വരെ<br>b. താരതമ്യേന വീതി കൂടുതൽ<br>c. കോറമണ്ഡൽ തീരസമതലം,വടക്കൻ സിർക്കാർസ് തീരസമതലം എന്നിങ്ങനെ തിരിക്കാം<br>d. ഡെൽറ്റാ രൂപീകരണം നടക്കുന്നു |

3.ഇന്ത്യയുടെ കാലാവസ്ഥയെ സ്വാധീനിക്കുന്ന ഘടകങ്ങൾ :
   a. അക്ഷാംശീയ സ്ഥാനം  b. ഭൂപ്രകൃതി  c. സമുദ്രസാമീപ്യം  d. സമുദ്രനിരപ്പിൽനിന്നുള്ള ഉയരം

## അധ്യായം 8 ഇന്ത്യ – സാമ്പത്തിക ഭൂമിശാസ്ത്രം

1. ഇന്ത്യയിലെ കാർഷിക വിളകൾ : A. ഭക്ഷ്യവിളകൾ :

| വിള | മഴ / വർഷപാതം | ഊഷ്മാവ് /താപനില | മണ്ണ് | പ്രത്യേകതകൾ |
|---|---|---|---|---|
| നെല്ല് | 150 cm ൽ കൂടുതൽ | 24 ഡിഗ്രി സെൽഷ്യസിന് മുകളിൽ | എക്കൽമണ്ണ് | ഇന്ത്യയിലെ മുഖ്യ ഭക്ഷ്യവിള,ഒരു ഖാരിഫ് വിള, നദീതടങ്ങൾ,തീരസമതലങ്ങൾ,സിവാലിക് പർവതചെരിവിലും നെൽകൃഷി ചെയ്യുന്നു .W.B,UP,AP |
| ഗോതമ്പ് | 75 cm | 10 ഡിഗ്രി -26 ഡിഗ്രി സെൽഷ്യസ് | നീർവാർച്ചയുള്ള എക്കൽമണ്ണ് | ഇന്ത്യയിലെ ഭക്ഷ്യവിളകളിൽ രണ്ടാം സ്ഥാനം.ഒരു റാബി വിളയാണ്.(ശൈത്യകാല വിള),UP,പഞ്ചാബ്,ഹരിയാന |
| ചോളം | 75 cm | ------ | നീർവാർച്ചയുള്ള ഫലഭൂയിഷ്ഠമായ മണ്ണ് | ഇന്ത്യയിലെ ഭക്ഷ്യവിളകളിൽ മൂന്നാം സ്ഥാനം. ഉഷ്ണകാലത്തും,ശൈത്യകാലത്തും കൃഷി ചെയ്യാം. MP,KA,RAJ,UP |

B. നാണ്യവിളകൾ

| വിഭാഗം | വിള | മഴ | ഊഷ്മാവ് /താപനില | മണ്ണ് | പ്രത്യേകതകൾ / പ്രദേശം |
|---|---|---|---|---|---|
| നാരു വിളകൾ | പരുത്തി | ചെറിയ തോതിൽ | 20 ഡിഗ്രി c -30 ഡിഗ്രി c | കറുത്തമണ്ണ് എക്കൽമണ്ണ് | യൂണിവേഴ്സൽ ഫൈബർ എന്നറിയപ്പെടുന്നു.ലോകത്ത് നാലാം സ്ഥാനം,ഇന്ത്യയിലെ ഏറ്റവും വലിയ കൃഷിയധിഷ്ഠിതവ്യവസായം പരുത്തിതുണി വ്യവസായം.പ്രധാനകേന്ദ്രം മുംബൈ. മഹാരാഷ്ട്ര,ഗുജറാത്ത്,മധ്യപ്രദേശ് |
| | ചണം | 150 cm ൽ കൂടുതൽ | ഉയർന്ന താപനില | നീർവാർച്ചയുള്ള എക്കൽമണ്ണ് | ചണ ഉൽപ്പാദനത്തിൽ ലോകത്ത് ഇന്ത്യ രണ്ടാം സ്ഥാനം, താരതമ്യേന വിലകുറഞ്ഞ നാരുവിള.പ.ബംഗാൾ,ഒഡീഷ.ആസ്സാം |
| | തേയില | 200 cm - | 25 ഡിഗ്രി c | ജൈവാംശമുള്ള, | ഇന്ത്യ ഏറ്റവും കൂടുതൽ തേയില ഉൽപ്പാദിപ്പിക്കുന്ന രാജ്യം,കുന്നിൻ |

| | | | | | |
|---|---|---|---|---|---|
| പാനീയ വിളകൾ | | 250 cm | -30 ഡിഗ്രി c | നീർവാർച്ചയുള്ള മണ്ണ് | ചെരിവുകളാണ് കൃഷിക്ക് അനുയോജ്യം.ആസ്സാം,കേരളം,തമിഴ്നാട് |
| | കാപ്പി | ഉയർന്ന വർഷപാതം | മിതമായ താപനില | നീർവാർച്ചയുള്ള വനമണ്ണ് | ഉൽപ്പാദനത്തിൽ ഇന്ത്യക്ക്  ആറാം സ്ഥാനം,ഉഷ്ണമേഖലാ തോട്ടവിള,പശ്ചിമഘട്ടമലനിരകളിൽ കൂടുതൽ.കർണ്ണാടകം,കേരളം,തമിഴ്നാട് |
| മറ്റു വിളകൾ | കരിമ്പ് | ആവശ്യത്തിന് | ആവശ്യത്തിന് | കറുത്തമണ്ണ് എക്കൽമണ്ണ് | ഉൽപ്പാദനത്തിൽ ഇന്ത്യക്ക് രണ്ടാം സ്ഥാനം,ഉഷ്ണമേഖലാ വിള,കരിമ്പിൽനിന്ന് പഞ്ചസാരയും ശർക്കരയും ഉണ്ടാക്കുന്നു. ഉത്തർപ്രദേശ്,മഹാരാഷ്ട്ര,കർണ്ണാടകം |
| | റബ്ബർ | 150 cm ൽ കൂടുതൽ | 25 ഡിഗ്രി c ന് മുകളിൽ | ലാറ്ററൈറ്റ് മണ്ണ് | ഇന്ത്യയിൽ ഏറ്റവും കൂടുതൽ റബ്ബർ ഉൽപ്പാദിപ്പിക്കുന്നത് കേരളത്തിലാണ്.--കേരളം,തമിഴ്നാട്,ആൻഡമാൻ ദ്വീപുകൾ |
| സുഗന്ധ വ്യഞ്ജനങ്ങൾ | ഏലം കുരുമുളക്, ജാതി | ധാരാളം മഴ | ഉഷ്ണമേഖല കാലാവസ്ഥ | വനമണ്ണ് ,മണൽമണ്ണ് | പശ്ചിമഘട്ട മലനിരകളിലാണ് ഏറ്റവും കൂടുതലുള്ളത്. |

2. ഇന്ത്യയിലെ പ്രധാന തുറമുഖങ്ങൾ -12

| പടിഞ്ഞാറൻ തീരം | കിഴക്കൻ തീരം |
|---|---|
| 1. കണ്ട് ല<br>2. മുംബൈ<br>3. നെവാഷേവ<br>4. മർമഗോവ<br>5. മംഗലാപുരം<br>6. കൊച്ചി | 1. തൂത്തുക്കുടി<br>2. ചെന്നൈ<br>3. വിശാഖപട്ടണം<br>4. പാരാദ്വീപ്<br>5. ഹാൽഡിയ<br>6. കൊൽക്കത്ത |

## അധ്യായം 9 ധനകാര്യസ്ഥാപനങ്ങളും സേവനങ്ങളും

1. ഭാരതീയ റിസർവ് ബാങ്ക് :
   A. ഇന്ത്യയിൽ നോട്ട് അച്ചടിച്ചിറക്കാൻ അധികാരമുള്ള സ്ഥാപനം.
   B. ഇന്ത്യയുടെ കേന്ദ്രബാങ്ക്   C. 1935 ൽ സ്ഥാപിതമായി   D. ആസ്ഥാനം മുംബൈ ആണ്
2. ഭാരതീയ റിസർവ് ബാങ്കിന്റെ ധർമ്മങ്ങൾ :
   a. നോട്ട് അച്ചടിച്ചിറക്കൽ   b. വായ്പ നിയന്ത്രിക്കൽ   c. സർക്കാരിന്റെ ബാങ്ക്   d. ബാങ്കുകളുടെ ബാങ്ക്
3. വാണിജ്യബാങ്കുകളുടെ ധർമ്മങ്ങൾ : A. നിക്ഷേപങ്ങൾ സ്വീകരിക്കുക   B. വായ്പകൾ നൽകുക
4. നിക്ഷേപങ്ങൾ നാല് തരം -
   A. സമ്പാദ്യനിക്ഷേപം, B. പ്രചലിതനിക്ഷേപം ,C. സ്ഥിര നിക്ഷേപം, D. ആവർത്തിത നിക്ഷേപം
5. ഇലക്ട്രോണിക് ബാങ്കിങ്ങിന്റെ പ്രയോജനങ്ങൾ (ഇ-ബാങ്കിങ്) :
   a. വീട്ടിൽനിന്നുതന്നെ ലോകത്തെവിടെയും പണം അയയ്ക്കാനും, ബില്ലുകൾ അടയ്ക്കാനും കഴിയും.
   b. കുറഞ്ഞ സമയം മതിയാകും.   c. സർവീസ് ചാർജ് കുറവാണ്
6. മൈക്രോഫിനാൻസ് : സാധാരണക്കാർക്ക് ലഘുവായ്പയുൾപ്പെടെ വിവിധ തരത്തിലുള്ള സാമ്പത്തികസേവനങ്ങൾ നൽകുകയാണ് ഇതിന്റെ ലക്ഷ്യം.സാധാരണക്കാരിൽ സമ്പാദ്യശീലം വളർത്താനും സ്വയംതൊഴിൽ കണ്ടെത്താനും ഇത് സഹായിക്കുന്നു.ഉദാ. കുടുംബശ്രീ,പുരു,സ്വയംസഹായസംഘങ്ങൾ.
7. മൈക്രോഫിനാൻസ് സംരംഭങ്ങളുടെ പ്രധാന ലക്ഷ്യങ്ങൾ( കുടുംബശ്രീ,പുരു,സ്വയംസഹായസംഘങ്ങൾ) :
   a. വ്യക്തികളിൽനിന്ന് പണം സമാഹരിച്ച് കൂട്ടായ സാമ്പത്തിക വികസനത്തിന് സഹായിക്കുന്നു
   b. സമ്പാദ്യശീലം വളർത്തുന്നു   c.ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നു
   d. അംഗങ്ങൾക്ക് ആവശ്യസമയത്ത് വായ്പ നൽകുന്നു
   e. പാവപ്പെട്ടവരുടെ ജീവിതനിലവാരം ഉയർത്താൻ സഹായിക്കുന്നു.
   f. വ്യക്തിഗത കഴിവുകൾ ഗ്രൂപ്പ് വികസനത്തിന് പ്രയോജനപ്പെടുത്തുന്നു.